




## *ജില്ലയിൽ വിവിധയിടങ്ങളിൽ ലഹരിമരുന്നുകളുമായി ലക്ഷദ്വീപ് സ്വദേശി അടക്കം മൂന്ന് യുവാക്കൾ അറസ്റ്റിൽ.*

ജില്ലയിലെ വിവിധയിടങ്ങളിൽ ജില്ലാ ലഹരി വിരുദ്ധ സേനയും, ജില്ലാ പോലീസും സംയുക്തമായി നടത്തിയ പരിശോധനയിൽ 165 ഗ്രാം കഞ്ചാവുമായി ഒരാളെ വാളയാർ പോലീസ് അറസ്റ്റു ചെയ്തു. കോഴിക്കോട് , പയ്യോളി സ്വദേശി റിയാസ് വ ഃ 40 നെയാണ് അറസ്റ്റു ചെയ്തത്.

30 ഗ്രാം ഹഷീഷ് ഓയിലുമായി തൃശൂർ ,പെരുമ്പിലാവ് സ്വദേശി സനു വ ഃ 19 ന്നെയാണ് ഡാൻസാഫ് സ്ക്വാഡും, കൊഴിഞ്ഞാമ്പാറ പോലീസും സംയുക്തമായി നടത്തിയ പരിശോധനയിൽ പിടികൂടിയത്.



# ലഹരിമരുന്നുമായി 3 യുവാക്കൾ അറസ്റ്റിൽ

പാലക്കാട്

ജില്ലയിലെ വിവിധയിടങ്ങളിൽ ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡ് നടത്തിയ പരിശോധനയിൽ ലക്ഷദ്വീപ് സ്വദേശിയടക്കം മൂന്നു യുവാക്കൾ ലഹരിമരുന്നുമായി പിടിയിൽ. വാളയാറിൽ 165 ഗ്രാം കഞ്ചാവുമായി കോഴിക്കോട് പയ്യോളി സ്വദേശി റിയാസ്(40), കൊഴിഞ്ഞാമ്പാറയിൽ 30ഗ്രാം ഹാഷിഷ് ഓയിലുമായി തൃശൂർ പെരുമ്പിലാവ് സ്വദേശി സനു(19) എന്നിവരും പാലക്കാട് നഗരത്തിൽ നടത്തിയ പരിശോധനയിൽ 100ഗ്രാം കഞ്ചാവും ഒരുഗ്രാം എംഡിഎംഎയുമായി ലക്ഷദ്വീപ് മിനിക്കോയ് ദ്വീപ് സ്വദേശി മുഹമ്മദ് മണിക്കു(28)മാണ് അറസ്റ്റിലായത്.

നർകോട്ടിക് സെൽ ഡിവൈഎസ്പി സി ഡി ശ്രീനിവാസൻ, വാളയാർ എസ്ഐ സിബിൻഷ്, എഎസ്ഐ അനിൽകുമാർ, എസ്‌സിപിഒ മണികണ്ഠൻ, കൊഴിഞ്ഞാമ്പാറ എസ്ഐ റഹ്മാൻ, എസ്‌സിപിഒ വിനോദ് കുമാർ, പാലക്കാട് ടൗൺ നോർത്ത് എസ്ഐമാരായ മധു, നന്ദകുമാർ, എസ്‌സിപിഒ ജ്യോതികുമാർ, ലഹരി വിരുദ്ധ സ്ക്വാഡ് അംഗങ്ങളായ റഹിം മുത്തു, കെ അഹമ്മദ് കബീർ, കെ ദിലീപ്, ആർ രാജീദ് എന്നിവരടങ്ങിയ സംഘമാണ് ലഹരിവസ്തുക്കൾ പിടിച്ചെടുത്തത്.

പാലക്കാട് ടൗണിൽ നടത്തിയ പരിശോധനയിൽ 100 ഗ്രാം കഞ്ചാവും, ഒരു ഗ്രാം MDMA യുമായി ലക്ഷദ്വീപ് സ്വദേശി അറസ്റ്റിലായി. മിനിക്കോയ് ദ്വീപ് സ്വദേശി മുഹമ്മദ് മണിക് ഫാൻ വ : 28 നെയാണ് പാലക്കാട് ടൗൺ നോർത്ത് പോലീസും ഡാൻസാഫ് സ്ക്വാഡും ചേർന്നു പിടികൂടിയത്.

സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിൻെറ നേതൃത്ത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷൻെറ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.

പാലക്കാട് ജില്ല പോലീസ് മേധാവി R. വിശ്വനാഥ് IPSൻെറ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP C.D. ശ്രീനിവാസൻെറ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്.

വാളയാർ പോലീസ് സ്റ്റേഷനിലെ S.I. സിബീഷ്, GASI അനിൽകുമാർ, SCPO മണികണ്ഠൻ, കൊഴിഞ്ഞാമ്പാറ പോലീസ് സ്റ്റേഷനിലെ S.I.റഹ്മാൻ, SCPO വിനോദ് കുമാർ, പാലക്കാട് ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിലെ S.I. മധു, GSI നന്ദകുമാർ , SCPO ജ്യോതികുമാർ ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ റഹിം മുത്തു, K. അഹമ്മദ് കബീർ, K. ദിലീപ്, R. രാജീദ് എന്നിവരടങ്ങിയ സംഘമാണ് ലഹരി കടത്ത് പിടികൂടിയത്.

..........................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT